**08.08.21 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 28−02−1988**

# ഡബിൾ വിദേശി ബ്രാഹ്മണ കുട്ടികളുടെ വിശേഷതകൾ

**ഇ**ന്ന് ഭാഗ്യവിധാതാവായ ബാപ്ദാദ തന്റെ ശ്രേഷ്ഠമായ ഭാഗ്യശാലി കുട്ടികളെ കണ്ട് ഹർഷിതമായിക്കൊണ്ടിരിക്കുകയാണ്. ഓരോ കുട്ടിയുടെയും ഭാഗ്യം ശ്രേഷ്ഠം തന്നെയാണ്, പക്ഷെ അതിൽ നമ്പർവാറാണ്. ഇന്ന് ബാപ്ദാദ സർവ്വ കുട്ടികളുടെയും ഹൃദയത്തിന്റെ ഉന്മേഷ-ഉത്സാഹത്തിന്റെ ദൃഢ സങ്കല്പം കേട്ടു കൊണ്ടിരിക്കുകയായിരുന്നു. സങ്കല്പത്തിലൂടെ സർവ്വരും ആത്മീയ സംഭാഷണം ചെയ്തത് ബാപ്ദാദായുടെയടുത്ത് സങ്കല്പം ചെയ്തപ്പോൾ തന്നെ എത്തി ചേർന്നു. സങ്കല്പത്തിന്റെ ശക്തി വാണിയുടെ ശക്തിയേക്കാൾ അതി സൂക്ഷ്മമായതിനാൽ അതി തീവ്രമായി ചലിക്കുന്നുണ്ട്, എത്തിച്ചേരുന്നുമുണ്ട്. ആത്മീയ സംഭാഷണത്തിന്റെ ഭാഷ സങ്കല്പത്തിന്റെ ഭാഷ തന്നെയാണ്. സയൻസ് പഠിച്ചവർ ശബ്ദത്തെ പിടിച്ചെടുക്കുന്നു എന്നാൽ സങ്കല്പത്തെ പിടിച്ചെടുക്കുന്നതിന് സൂക്ഷ്മ സാധനങ്ങൾ വേണം. ബാപ്ദാദ ഓരോ കുട്ടിയുടെയും സങ്കല്പത്തിന്റെ ഭാഷ സദാ കേൾക്കുന്നുണ്ട് അർത്ഥം സങ്ക്ല്പത്തെ പിടിച്ചെടുക്കുന്നുണ്ട്. ഇതിന് വേണ്ടി ബുദ്ധി അതി സൂക്ഷ്മവും സ്വച്ഛവും സ്പഷ്ടവുമായിരിക്കണം, എങ്കിലേ ആത്മീയ സംഭാഷണത്തിന് ബാബയുടെ മറുപടി മനസ്സിലാക്കാൻ സാധിക്കൂ.

ബാപ്ദാദയുടെയടുത്ത് സർവ്വരുടെയും സന്തുഷ്ടത അഥവാ സദാ സന്തോഷത്തോടെയിരിക്കുന്നതിന്റെ, നിർവ്വിഘ്നമായിരിക്കുന്നതിന്റെ, സദാ ബാബയ്ക്ക് സമാനമാകുന്നതിന്റെ ശ്രേഷ്ഠ സങ്ക്ല്പം എത്തിച്ചേരുകയും ബാപ്ദാദ കുട്ടികളുടെ ദൃഢ സങ്കല്പത്തിലൂടെ സദാ സഫലതയുടെ ആശംസകൾ നല്കി കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. കാരണം ദൃഢതയുള്ളയിടത്ത് സഫലതയുണ്ടായിരിക്കുക തന്നെ ചെയ്യും. ഇതാണ് ശ്രേഷ്ഠ ഭാഗ്യവാനാകുന്നതിന്റെ ലക്ഷണം. സദാ ദൃഢതയും ശ്രേഷ്ഠതയും ഉണ്ടായിരിക്കണം, സങ്കല്പത്തിൽ പോലും ബലഹീനതയുണ്ടാകരുത്- ഇതിനെയാണ് ശ്രേഷ്ഠത എന്ന് പറയുന്നത്. കുട്ടികളുടെ വിശാലമായ ഹൃദയത്തെ കണ്ട് കുട്ടികൾക്ക് സദാ വിശാല ഹൃദയം, വിശാല ബുദ്ധി, വിശാലമായ സേവനം, വിശാലമായ സംസ്ക്കാരം- ഇങ്ങനെ "സദാ വിശാലമായി ഭവിക്കട്ടെ" എന്ന വരദാനവും വരദാതാവായ ബാബ നല്കി കൊണ്ടിരിക്കുന്നു. വിശാലമായ ഹൃദയം അർത്ഥം പരിധിയില്ലാത്ത സ്മൃതി സ്വരൂപം. ഓരോ കാര്യത്തിലും പരിധിയില്ലാത്തത് അർത്ഥം വിശാലം. പരിധിയില്ലാത്തത് ഉള്ളയിടത്ത് യാതൊരു പ്രകാരത്തിലുമുള്ള പരിധി തന്റെ നേർക്ക് ആകർഷിക്കില്ല. ഇതിനെ തന്നെയാണ് ബാബയ്ക്ക് സമാനം കർമ്മാതീത ഫരിസ്ത ജീവിതമെന്നു പറയുന്നത്. കർമ്മാതീതത്തിന്റെ അർത്ഥം തന്നെയാണ്- സർവ്വ പ്രകാരത്തിലെ പരിധിയുള്ള സ്വഭാവ സംസ്ക്കാരത്തിൽ നിന്നും അതീതം അർത്ഥം നിർമ്മോഹി. പരിധി ബന്ധനമാണ്, പരിധിയില്ലാത്തത് നിർബന്ധനവും. അതിനാൽ സദാ ഇതേ വിധിയിലൂടെ സിദ്ധിയെ പ്രാപ്തമാക്കി കൊണ്ടിരിക്കും. സർവ്വരും സ്വയം എന്ത് സങ്കല്പമാണൊ എടുത്തിരിക്കുന്നത് അത് സദാ അമരമാണ്, ദൃഢമാണ്, അഖണ്ഡമാണ് അർത്ഥം ഖണ്ഡിക്കപ്പെടുന്നതല്ല. അങ്ങനെയുള്ള സങ്കല്പമല്ലേ എടുത്തിരിക്കുന്നത്? മധുബന്റെ അതിർത്തി വരെയുള്ള സങ്കല്പമല്ലല്ലോ? സദാ കൂടെയിരിക്കില്ലേ?

വളരെയധികം മുരളികൾ കേട്ടു. ഇപ്പോൾ കേട്ടതിനെ പ്രാവർത്തികമാക്കണം കാരണം ഈ സാകാര സൃഷ്ടിയിൽ സങ്കല്പം, വാക്ക്, കർമ്മം- മൂന്നിനും മഹത്വമുണ്ട്, മൂന്നിലും മഹാനതയുണ്ട്- ഇതിനെ തന്നെയാണ് സമ്പന്നമായ സ്ഥിതിയെന്ന് പറയുന്നത്. ഈ സാകാര സൃഷ്ടിയിൽ തന്നെ ഫുൾ മാർക്ക് നേടണം എന്നുള്ളത് വളരെ ആവശ്യമാണ്. എന്റെ സങ്കല്പം വളരെ ശ്രേഷ്ഠമാണ് എന്ന് ആരെങ്കിലും മനസ്സിലാക്കിയാലും കർമ്മത്തിൽ അഥവാ വാക്കിൽ വ്യത്യാസം കാണപ്പെടുന്നു; അപ്പോൾ മറ്റുള്ളവർ അംഗീകരിക്കുമോ? കാരണം സങ്കല്പത്തിന്റെ സ്ഥൂലമായ ദർപ്പണം വാക്കും കർമ്മവുമാണ്. ശ്രേഷ്ഠ സങ്കല്പമുള്ളവരുടെ വാക്ക് സ്വതവേ ശ്രേഷ്ഠമായിരിക്കും. അതിനാൽ മൂന്ന് വിശേഷതകളിലും നമ്പർവൺ ആകണം.

ബാപ്ദാദ ഡബിൾ വിദേശി കുട്ടികളെ കണ്ട് സദാ കുട്ടികളുടെ വിശേഷതകളിൽ ഹർഷിതമായിക്കൊണ്ടിരിക്കുന്നു. ആ വിശേഷതയെന്താണ്? ബ്രഹ്മാബാബയുടെ ശ്രേഷ്ഠ സങ്കല്പത്തിലൂടെ അഥവാ ശ്രേഷ്ഠ സങ്കല്പത്തിന്റെ ആഹ്വാനത്തിലൂടെ ദിവ്യമായ ജന്മം പ്രാപ്തമായി, അതേപോലെ ശ്രേഷ്ഠ സങ്കല്പത്തിന്റെ വിശേഷ രചനയായതിനാൽ തന്റെ സങ്കല്പങ്ങളെ ശ്രേഷ്ഠമാക്കുന്നതിൽ വിശേഷിച്ചും അറ്റൻഷൻ ഉണ്ടാകുന്നു. സങ്കല്പത്തിൽ ശ്രദ്ധയുള്ളതിനാൽ ഏതൊരു പ്രകാരത്തിലുമുള്ള സൂക്ഷ്മമായ മായയുടെ യുദ്ധത്തെ പെട്ടെന്ന് തന്നെ തിരിച്ചറിയുന്നു, മാത്രമല്ല പരിവർത്തനപ്പെടുത്തുന്നതിന് അഥവാ വിജയിയാകുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്ത് പെട്ടെന്ന് തന്നെ സമാപ്തമാക്കുന്നതിന് പ്രയത്നിക്കുന്നു. സങ്കല്പ

ശക്തിയെ സദാ ശുദ്ധമാക്കുന്നതിന് നല്ല ശ്രദ്ധ വയ്ക്കുന്നു. സ്വയത്തെ ചെക്ക് ചെയ്യുന്നതിനുള്ള അഭ്യാസം നന്നായിട്ടുണ്ടായിരിക്കും. സൂക്ഷ്മമായ ചെക്കിംഗ് കാരണം ചെറിയ തെറ്റ് പോലും തിരിച്ചറിഞ്ഞ് ബാബയുടെ മുന്നിൽ, നിമിത്തമായ കുട്ടികളുടെ മുന്നിൽ വയ്ക്കുമ്പോൾ ശുദ്ധമായ ഹൃദയമാണ്, അതിനാൽ ഈ വിധിയിലൂടെ ബുദ്ധിയിൽ അഴുക്ക് അടിയുന്നില്ല. ഭൂരിപക്ഷം പേരും ശുദ്ധമായ ഹൃദയത്തോടെ സംസാരിക്കാൻ മടിക്കുന്നില്ല, അതിനാൽ സ്വച്ഛതയുള്ളയിടത്ത് ദേവീക ഗുണം സഹജമായി ധാരണയുണ്ടാകുന്നു. ദിവ്യ ഗുണങ്ങളുടെ ധാരണ അർത്ഥം ആഹ്വാനം ചെയ്യുന്നതിനുള്ള വിധി സ്വച്ഛത തന്നെയാണ്. ഭക്തിയിലും ലക്ഷ്മിയെ അഥവാ ഏതെങ്കിലും ദേവിയെ ആഹ്വാനം ചെയ്യുമ്പോൾ ആഹ്വാനം ചെയ്യുന്നതിന്റെ വിധിയായി സ്വച്ഛതയെ സ്വായത്തമാക്കുന്നു. അതിനാൽ ഈ സ്വച്ഛതയുടെ ശ്രേഷ്ഠമായ സ്വഭാവം, ദേവീക സ്വഭാവത്തെ സ്വതവേ തന്നെ ആഹ്വാനം ചെയ്യുന്നു. ഈ വിശേഷത ഭൂരിപക്ഷം ഡബിൾ വിദേശി കുട്ടികളിലുമുണ്ട് അതിനാൽ തീവ്രഗതിയിലൂടെ മുന്നോട്ടുയരുന്നതിന്റെ സ്വർണ്ണിമ അവസരം ഡ്രാമയനുസരിച്ച് ലഭിച്ചിരിക്കുന്നു. ഇതിനെയാണ് പറയുന്നത് 'ലാസ്റ്റ് സോ ഫാസ്റ്റ്'(അവസാനം വന്നവരാണെങ്കിലും ആദ്യം) എന്ന്. ഈ വിശേഷപ്പെട്ട ഫാസ്റ്റായി പോകുന്നതിനുള്ള വിശേഷത ഡ്രാമയനുസരിച്ച് ലഭിച്ചിരിക്കുന്നു. ഈ വിശേഷതയെ സദാ സ്മൃതിയിൽ വച്ച് ലാഭമെടുക്കൂ. വന്നു, സപ്ഷ്ടമാക്കി, പോയി. ഇതിനെയാണ് പറയുന്നത് പർവ്വതത്തെ പഞ്ഞിക്ക് സമാനമാക്കുക എന്ന്. പഞ്ഞി സെക്കന്റിൽ പറക്കുന്നില്ലേ. പർവ്വതത്തെ എത്ര സമയമെടുക്കും? അതിനാൽ സ്പ്ഷ്ടമാക്കി, ബാബയുടെ മുന്നിൽ വച്ചു, സ്വച്ഛതയുടെ വിധിയിലൂടെ ഫരിസ്തയായി, പറന്നു, ഇതിനെയാണ് പറയുന്നത് 'ലാസ്റ്റ് സോ ഫാസ്റ്റ്' ഗതിയിലൂടെ പറക്കുക എന്ന്. ഡ്രാമയനുസരിച്ച് ഈ വിശേഷത ലഭിച്ചിരിക്കുന്നു. ബാപ്ദാദ കാണുന്നുമുണ്ട് പല കുട്ടികൾ ചെക്ക് ചെയ്യുന്നുമുണ്ട്, സ്വയത്തെ പരിവർത്തനപ്പെടുത്തുന്നുമുണ്ട് കാരണം എനിക്ക് വിജയിയാകണം എന്ന ലക്ഷ്യമുണ്ട്. ഭൂരിപക്ഷം പേർക്കും ഈ നമ്പർവൺ ലക്ഷ്യമുണ്ട്. രണ്ടാമത്തെ വിശേഷതയാണ്– ജനിക്കുമ്പോൾ തന്നെ, സമ്പത്ത് പ്രാപ്തമാക്കുമ്പോൾ സേവനത്തിന്റെ ഉണർവ്വും ഉത്സാഹവും സ്വതവേയുണ്ടാകുന്നു. സേവനത്തിൽ മുഴുകുന്നത് കാരണം ഒന്ന് സേവനത്തിന്റെ പ്രത്യക്ഷഫലമായി സന്തോഷം ലഭിക്കുന്നു, സേവനത്തിലൂടെ വിശേഷ ബലവും പ്രാപ്തമാകുന്നു, സേവനത്തിൽ ബിസിയായതിനാൽ നിർവ്വിഘ്നമാകുന്നതിലും സഹയോഗം ലഭിക്കുന്നു. അതിനാൽ സേവനത്തിന്റെ ഉണർവ്വും ഉത്സാഹവും സ്വതവേയുണ്ടാകണം, സമയം കണ്ടെത്തണം അഥവാ തന്റെ ശരീരം, മനസ്സ്, ധനത്തെ സഫലമാക്കണം– ഇതും ഡ്രാമയനുസരിച്ച് ലഭിച്ചിരിക്കുന്ന വിശേഷതയുടെ ലിഫ്റ്റാണ്. തന്റെ വിശേഷതകൾ എന്തെല്ലാമാണ് എന്നറിയാമല്ലോ? ഈ വിശേഷതകളിലൂടെ സ്വയത്തെ എത്രത്തോളം മുന്നോട്ടുയർത്താൻ ആഗ്രഹിക്കുന്നുവോ അത്രയും ഉയർത്താൻ സാധിക്കും. ഡ്രാമയനുസരിച്ച് ഒരാത്മാവിനും ഈ പരാതിയുണ്ടാകില്ല– ഞാൻ അവസാനമാണ് വന്നിരിക്കുന്നത്, അതിനാൽ മുന്നോട്ടുയരാൻ സാധിക്കുന്നില്ല എന്ന്. ഡബിൾ വിദേശി കുട്ടികൾക്ക് തങ്ങളുടെ വിശേഷതകളുടെ സുവർണ്ണ അവസരമുണ്ട്. ഭാരതവാസികൾക്കും തങ്ങളുടെ സ്വർണ്ണിമ അവസരമുണ്ട്. എന്നാൽ ഇന്ന് ഡബിൾ വിദേശി കുട്ടികളെ മിലനം ചെയ്തു കൊണ്ടിരിക്കുകയാണ്. ഡ്രാമയിൽ വിശേഷിച്ചും അടങ്ങിയിരിക്കുന്നത് കാരണം അവസാനം വരുന്ന ആത്മാവിന്റെയും പരാതിയുണ്ടാകില്ല കാരണം ഡ്രാമ കൃത്യമായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഈ വിശേഷതകളിലൂടെ സദാ തീവ്രഗതിയിലൂടെ പറക്കൂ. മനസ്സിലായോ? സ്പഷ്ടമായോ അതോ ഇപ്പോഴും പരാതിയുണ്ടോ? ദിൽഖുശ് മിഠായി ബാബയെ കഴിപ്പിച്ചു. 'ദൃഢ സങ്കല്പ'മെടുത്തൂ അർത്ഥം ദിൽഖുശ് മിഠായി ബാബയെ കഴിപ്പിച്ചു. ഇത് അവിനാശി മിഠായിയാണ്. സദാ കുട്ടികളുടെ മുഖം മധുരമാണ്, ബാബയുടെ മുഖം മധുരം തന്നെയാണ്. എന്നാൽ മറ്റൊന്നും ഭോഗ് വെയ്ക്കേണ്ട, ദിൽഖുശ് മിഠായി തന്നെ ഭോഗ് വെയ്ക്കണം. സ്ഥൂലമായ ഭോഗ് എന്ത് വേണമെങ്കിലും വെയ്ക്കാം എന്നാൽ മനസ്സിന്റെ സങ്കല്പങ്ങളുടെ ഭോഗ് സദാ ദിൽഖുശ് മിഠായി തന്നെയായിരിക്കണം.

ബാപ്ദാദ സദാ പറയുന്നു– കത്തെഴുതുമ്പോൾ കേവലം രണ്ടക്ഷരങ്ങളുടെ കത്ത് സദാ ബാബയ്ക്ക് എഴുതൂ എന്ന്. ആ രണ്ട് ശബ്ദങ്ങൾ ഏതൊക്കെയാണ്? ഓ കെ. കൂടുതൽ കടലാസ്സും വേണ്ട, മഷിയും വേണ്ട, സമയവും വേണ്ട. ലാഭിക്കാം. ഓ കെ അർത്ഥം ബാബയുടെയും ഓർമ്മയുണ്ട്, രാജ്യത്തിന്റെയും ഓർമ്മയുണ്ട്. ഒ(0) എന്ന് എഴുതുമ്പോൾ ബാബയുടെ ചിത്രമായി തീരുന്നില്ലേ. കെ അർത്ഥം രാജ്യം. അതിനാൽ ഓ കെ എന്ന് എഴുതിയെങ്കിൽ ബാബയുടെയും സമ്പത്തിന്റെയും ഓർമ്മ വരുന്നു. അതിനാൽ തീർച്ചയായും കത്തെഴുതൂ പക്ഷെ രണ്ട് ശബ്ദങ്ങളിൽ. അപ്പോൾ കത്ത് അവിടെയെത്തും. ബാക്കി ഹൃദയത്തിന്റെ ഉത്സാഹത്തെ കുറിച്ച് ബാപ്ദാദയ്ക്കറിയാം. ഹൃദയത്തിലെ സ്നേഹത്തിന്റെ കാര്യങ്ങൾ ദിലാരാമനായ ബാബയുടെയടുത്ത് എത്തുന്നു. ഈ കത്തെഴുതാൻ സർവ്വർക്കും അറിയാമല്ലോ? ഭാഷയറിയാത്തവർക്കും എഴുതാം. ഇതിൽ സർവ്വരുടെയും ഭാഷ പോലും ഒന്നായി മാറുന്നു. ഈ കത്ത് ഇഷ്ടമല്ലേ. ശരി.

ഇന്ന് ആദ്യത്തെ ഗ്രൂപ്പിന്റെ ലാസ്റ്റ് ദിനമാണ്. പ്രശ്നങ്ങൾ സർവ്വതും സമാപ്തമായി, ബാക്കി ടോളി കഴിക്കണം, കഴിപ്പിക്കണം. ബാക്കി എന്താണുള്ളത്? ഇപ്പോൾ മറ്റുള്ളവരെയും ഇതേപോലെയാക്കണം. സേവനം ചെയ്യണ്ടേ. നിർവ്വിഘ്ന സേവാധാരിയാകൂ. ശരി.

സദാ ബാബയ്ക്ക് സമാനമാകുന്നതിന്റെ ഉണർവ്വിലും ഉത്സാഹത്തിലും പറക്കുന്ന, സദാ സ്വയത്തെ ചെക്ക് ചെയ്ത് പരിവർത്തനപ്പെടുത്തി സമ്പൂർണ്ണമാകുന്ന, സദാ സങ്കല്പം, വാക്ക്, കർമ്മം മൂന്നിലും ശ്രേഷ്ഠമാകുന്ന, സദാ സ്വച്ഛതയിലൂടെ ശ്രേഷ്ഠതയെ ധാരണ ചെയ്യുന്ന, തീവ്രഗതിൽ പറക്കുന്ന വിശേഷ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്തേയും.

**ആസ്ട്രേലിയ ഗ്രൂപ്പിലെ ചെറിയ കുട്ടികളുമായുള്ള ബാപ്ദാദായുടെ സംഭാഷണം–**

സർവ്വരും ഈശ്വരീയ വിദ്യാർത്ഥികളല്ലേ. ആ പഠിത്തം ദിവസേന പഠിക്കുന്നത് പോലെ ഈ പഠിത്തവും ദിവസേന പഠിക്കുന്നുണ്ടോ? മുരളി കേൾക്കാൻ ഇഷ്ടമാണോ? മുരളിയെന്താണ് എന്ന് മനസ്സിലാകുന്നുണ്ടോ? ബാബയെ ദിവസവും ഓർമ്മിക്കുന്നുണ്ടോ? രാവിലെ എഴുന്നേൽക്കുമ്പോൾ ഗുഡ്മോർണിംഗ് പറയുന്നുണ്ടോ? ഒരിക്കലും ഈ ഗുഡ്മോർണിംഗ് മുടക്കരുത്. ഗുഡ്മോർണിംഗും പറയണം, ഗുഡ്നൈറ്റും പറയണം, ഭക്ഷണം കഴിക്കുമ്പോഴും ഓർമ്മിക്കണം. വിശക്കുമ്പോൾ ബാബയെ മറക്കണം എന്നല്ല. കഴിക്കുന്നതിന് മുമ്പ് തീർച്ചയായും ഓർമ്മിക്കണം ഓർമ്മിക്കുകയാണെങ്കിൽ പഠിത്തത്തിൽ വളരെ നല്ല നമ്പർ നേടാൻ സാധിക്കും കാരണം ബാബയെ ഓർമ്മിക്കുന്നവർ സദാ പാസാകും, ഒരിക്കലും തോൽക്കില്ല. അതിനാൽ സദാ പാസാകുന്നുണ്ടോ? പാസായില്ലായെങ്കിൽ സർവ്വരും പറയും–ഇവർ ശിവബാബയുടെ കുട്ടികൾ പോലും തോറ്റു പോകുന്നുവെന്ന്. ദിവസവും മുരളിയിലെ ഒരു പോയിന്റ് തന്റെ അമ്മയിൽ നിന്നും തീർച്ചയായും കേൾക്കൂ. ശരി. വളരെ ഭാഗ്യശാലികളാണ്, ഭാഗ്യവിധാതാവിന്റെ ഭൂമിയിലെത്തി ചേർന്നു. ബാബയെ മിലനം ചെയ്യാനുള്ള ഭാഗ്യം ലഭിച്ചു. ഇത് ചെറിയൊരു ഭാഗ്യമല്ല.

**അവ്യക്ത ബാപ്ദാദയുമായുള്ള വ്യക്തിപരമായ മിലനം–**

1) ബാബയിലൂടെ ലഭിച്ചിട്ടുള്ള സർവ്വ ഖജനാക്കളെ സർവ്വ ആത്മാക്കളെ പ്രതി ഉപയോഗിക്കുന്ന സമ്പന്നരായി മറ്റുള്ളവരെയും സമ്പന്നമാക്കുന്ന ആത്മാക്കളല്ലേ? സമ്പന്നമായിട്ടുള്ളവർ സദാ മറ്റുള്ളവർക്ക് നല്കികൊണ്ടിരിക്കും. അവിനാശി ഖജനാക്കളാണ്. ആര് വന്നാലും സമ്പന്നരായി തിരിച്ച് പോകണം, ആരും വെറും കൈയ്യോടെ പോകരുത്. ഇതിനെയാണ് അഖണ്ഡമായ ഭണ്ഡാരയെന്ന് പറയുന്നത്. ഇടയ്ക്ക് മഹാദാനിയായി ദാനം ചെയ്യുന്നു, ഇടയ്ക്ക് ജ്ഞാനിയായി ജ്ഞാനാമൃതം കുടിപ്പിക്കുന്നു, ഇടയ്ക്ക് ദാതാവായി, ധന ദേവിയായി ധനം നല്കുന്നു– അങ്ങനെ സർവ്വരുടെയും ശുഭമായ ആശകൾ ബാബയിലൂടെ പൂർത്തീകരിക്കുന്നവരാണ്. എത്രത്തോളം ഖജനാക്കൾ വിതരണം ചെയ്യുന്നുവൊ, അത്രത്തോളം വർദ്ധിക്കുന്നു. ഇതിനെയാണ് സദാ സമ്പന്നം എന്നു പറയുന്നത്. ആരും വെറും കൈയ്യോടെ പോകരുത്. സർവ്വരുടെയും മുഖത്തിലൂടെ ഇതേ ആശീർവാദം വരണം– ആഹാ.. എന്റെ ഭാഗ്യം... അങ്ങനെയുള്ള മഹാദാനി, വരദാനിയായി സത്യമായ സേവാധാരിയാകൂ.

2) ഡ്രാമയനുസരിച്ച് സേവനത്തിന്റെ വരദാനവും സദാ മുന്നോട്ടുയർത്തുന്നു. ഒന്നുണ്ട് യോഗ്യതയിലൂടെ സേവനം പ്രാപ്തമാക്കുക, രണ്ടാമത് വരദാനത്തിലൂടെ സേവനം പ്രാപ്തമാക്കുക. സ്നേഹവും സേവനത്തിന്റെ മാർഗ്ഗമാണ്. ഭാഷ അറിയില്ലായെങ്കിലും സ്നേഹത്തിന്റെ ഭാഷ സർവ്വ ഭാഷകളിലും വച്ച് ശ്രേഷ്ഠമാണ്. അതിനാൽ സ്നേഹി ആത്മാവിന് സദാ സഫലത ലഭിക്കുന്നു. സ്നേഹത്തിന്റെ ഭാഷ അറിയുന്നവർ എവിടെയും സഫലമാകുന്നു. സേവനം സദാ നിർവ്വിഘ്നമായി പോകണം– ഇതിനെയാണ് പറയുന്നത് സേവനത്തിൽ സഫലതയെന്ന്. അതിനാൽ സ്നേഹത്തിന്റെ വിശേഷതയിലൂടെ ആത്മാക്കൾ തൃപ്തരാകുന്നു. സ്നേഹത്തിന്റെ ഭണ്ഡാര നിറഞ്ഞിരിക്കുന്നു, ഇതിനെ വിതരണം ചെയ്യൂ. ബാബയിൽ നിന്നും നിറച്ചതിനെ നല്കൂ. ബാബയിൽ നിന്നും നേടിയിട്ടുള്ള സ്നേഹം തന്നെയാണ് മുന്നോട്ടുയർത്തിക്കൊണ്ടിരിക്കുന്നത്.

3) സ്നേഹത്തിന്റെ വരദാനവും സേവനത്തിന് നിമിത്തമാക്കുന്നു. ബാബയോട് സ്നേഹമുണ്ടെങ്കിൽ മററുള്ളവരെയും ബാബയുടെ സ്നേഹിയാക്കി സമീപത്തേക്ക് കൊണ്ടു വരുന്നു. ബാബയുടെ സ്നേഹം നിങ്ങളെ സ്വന്തമാക്കി അപ്പോൾ സർവ്വതും മറന്നു. അതേപോലെ അനുഭവിയായി മറ്റുള്ളവരെയും അനുഭവിയാക്കി കൊണ്ടിരിക്കൂ.സദാ ബാബയുടെ സ്നേഹത്തിൽ അർപ്പണമാകുന്ന ആത്മാവാണ്– ഇതേ ലഹരിയിലിരിക്കൂ. ബാബയും സേവനവും– ഈ ഉത്സാഹം മുന്നോട്ടുയരുന്നതിനുള്ള മാർഗ്ഗമാണ്. എത്ര തന്നെ കാര്യങ്ങൾ വന്നാലും ബാബയുടെ സ്നേഹം,സഹയോഗം നല്കി മുന്നോട്ടുയർത്തുന്നു കാരണം

സ്നേഹിക്ക് സ്നേഹത്തിന്റെ റിട്ടേൺ കോടിമടങ്ങ് ലഭിക്കുന്നു. സ്നേഹം എന്നുള്ളത് അങ്ങനെയുള്ള ശക്തിയാണ്, ഒരു കാര്യവും പ്രയാസമായി അനുഭവപ്പെടുന്നില്ല കാരണം സ്നേഹത്തിൽ മുഴുകുന്നു. ഇതിനെയാണ് പറയുന്നത് ശലഭം പ്രകാശത്തിൽ അർപ്പണമാകുന്നുവെന്ന്. കറങ്ങിയടിക്കുന്നവരല്ല, അർപ്പണമാകുന്നവർ, സ്നേഹത്തിന്റെ രീതിയെ നിറവേറ്റുന്നവർ. അതിനാൽ സ്നേഹവും ശക്തിയും- രണ്ടിന്റെയും ബാലൻസിലൂടെ സദാ മുന്നോട്ടുയർന്ന് പോകൂ. ബാലൻസ് തന്നെയാണ് ബാബയുടെ ആശീർവാദം നേടി തരുന്നത്, തന്നു കൊണ്ടിരിക്കും. മുതിർന്നവരുടെ ഛത്രഛായയും സദാ മുന്നോട്ടുയർത്തി കൊണ്ടിരിക്കും. ബാബയുടെ ഛത്രഛായയുണ്ട് എന്നാൽ മുതിർന്നവരുടെ ഛത്രഛായയും സ്വർണ്ണിമ അവസരം നല്കുന്നു. അതിനാൽ സദാ നന്ദി പറഞ്ഞ് മുന്നോട്ട് പോകൂ എങ്കിൽ ഭാവി സ്പഷ്ടമാകും.

4) ഓരോ ചുവടിലും ബാബയുടെ കൂട്ട്കെട്ട് അനുഭവിക്കുന്നുണ്ടല്ലോ. വിശേഷ സേവനത്തിനായി നിമിത്തമാക്കിയ കുട്ടികൾ, നിമിത്തമാകുന്നതിനോടൊപ്പം സേവനത്തിന്റെ ഓരോ ചുവടിലും സഹയോഗിയുമായി മാറുന്നു. ഭാഗ്യവിധാതാവ് ഓരോ കുട്ടിയ്ക്കും ഭാഗ്യത്തിന്റെ വിശേഷതകൾ നല്കിയിട്ടുണ്ട്. ആ വിശേഷതയെ കാര്യത്തിലുപയോഗിച്ച് സദാ മുന്നോട്ടുയരൂ, മുന്നോട്ടുയർത്തൂ. സേവനം ശ്രേഷ്ഠ ബ്രാഹ്മണാത്മാക്കളുടെ പിന്നിൽ വരും. സേവനത്തിന്റെ പിന്നാലെ നിങ്ങൾ പോകുന്നില്ല. ലൈറ്റുള്ളയിടത്ത് തീർച്ചയായും നിഴൽ ഉണ്ടാകുന്നു. അതേപോലെ നിങ്ങൾ ഡബിൾ ലൈറ്റാകുമ്പോൾ നിങ്ങളുടെ പിന്നാലെ സേവനവും നിഴലിന് സമാനമായി വരും അതിനാൽ സദാ നിശ്ചിന്തരായി ബാബയുടെ ഛത്രഛായയിലിരിക്കൂ, മുന്നോട്ടു പോകൂ.

5) സദാ ഹൃദയത്തിൽ ബാബയ്ക്ക് സമാനമാകുന്നതിന്റെ ഉണർവ്വുണ്ടല്ലോ? സമാനമാകുമ്പോളേ സമീപത്ത് വരാൻ സാധിക്കുകയുള്ളൂ. സമീപത്തിരിക്കണമല്ലോ. സമീപത്തിരിക്കുന്നവരുടെയടുത്ത് സമാനമാകുന്നതിന്റെ ഉണർവ്വുണ്ടായിരിക്കും, സമാനമാകുക എന്നത് പ്രയാസവുമല്ല. കേവലം ഏത് കർമ്മം ചെയ്യുമ്പോഴും, കർമ്മം ചെയ്യുന്നതിന് മുമ്പ് ഈ കർമ്മം ബാബ എങ്ങനെ ചെയ്യുന്നു എന്നത് സ്മൃതിയിൽ കൊണ്ടു വരൂ. അപ്പോൾ ഈ സ്മൃതി സ്വതവേ ബാബയുടെ കർമ്മത്തെ പോലെ ഫോളോ ചെയ്യിപ്പിക്കും. ഇതിന് ഇരുന്ന് ചിന്തിക്കേണ്ട ആവശ്യമില്ല, പടി ഇറങ്ങുമ്പോഴും, കയറുമ്പോഴും ചിന്തിക്കാം. വളരെ സഹജമായ വിധിയാണ്. അതിനാൽ കേവലം ബാബയുമായി സംയോജിപ്പിച്ച് പോകൂ, തീർച്ചയായും ബാബയ്ക്ക് സമാനമാകണം എന്നത് ഓർമ്മിക്കൂ. എങ്കിൽ ഓരോ കർമ്മത്തിൽ സഹജമായി തന്നെ സഫലതയുടെ അനുഭവം ചെയ്തു കൊണ്ടിരിക്കും.

## വരദാനം- മനനശക്തിയിലൂടെ ഓരോ പോയിന്റിന്റെയും അനുഭവിയായി മാറുന്ന സദാ ശക്തിശാലി മായാപ്രൂഫ്, വിഘ്നപ്രൂഫ് ഭവ.

ശരീരത്തിന്റെ ശക്തിക്ക് വേണ്ടി പചന ശക്തി അഥവാ ദഹിപ്പിക്കാനുള്ള ശക്തി ആവശ്യമാണ് അതേപോലെ ആത്മാവിനെ ശക്തിശാലിയാക്കുന്നതിന് മനന ശക്തി വേണം. മനന ശക്തിയിലൂടെ അനുഭവസ്വരൂപരാകണം- ഇത് തന്നെയാണ് ഏറ്റവും വലുതിലും വച്ച് വലിയ ശക്തി. അങ്ങനെയുള്ള അനുഭവികൾ ഒരിക്കലും ചതിവിൽപ്പെടുക സാധ്യമല്ല, കേട്ടു കേൾവിയിൽ ചഞ്ചലമാകില്ല. അനുഭവി സദാ സമ്പന്നരായിരിക്കും. അവർ സദാ ശക്തിശാലി, മായാപ്രൂഫ്, വിഘ്നപ്രൂഫ് ആയി മാറുന്നു.

## സ്ലോഗൻ- സന്തോഷത്തിന്റെ ഖജനാവ് സദാ കൂടെയുണ്ടെങ്കിൽ ബാക്കി സർവ്വ ഖജനാക്കളും സ്വതവേ വന്നു ചേരുന്നു.